بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 07.08.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## കഴിഞ്ഞ വർഷം, ആഗോള അഹ്മദിയ്യാ ജമാഅത്തിൽവർഷിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും പാരിതോഷികങ്ങളുടേയുംവിശ്വാസ വർധക സംഭവങ്ങൾ.

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ۔

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ۝۲ اَلرَّحْمٰنِ الرَّحِیْمِ ۝۳ مٰلِکِ یَوْمِ الدِّیْنِ ۝۴ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ۝۵

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ۝۶ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ۝۷

یُرِیۡدُوۡنَ لِیُطۡفِـُٔوۡا نُوۡرَ اللّٰہِ بِاَفۡوَاہِہِمۡ وَاللّٰہُ مُتِمُّ نُوۡرِہٖ وَلَوۡ کَرِہَ الۡکٰفِرُوۡنَ ۝۹ ہُوَ الَّذِیۡۤ اَرۡسَلَ رَسُوۡلَہٗ بِالۡہُدٰی وَدِیۡنِ الۡحَقِّ لِیُظۡہِرَہٗ عَلَی الدِّیۡنِ کُلِّہٖ وَلَوۡ کَرِہَ الۡمُشۡرِکُوۡنَ ۝۱۰

(സൂറ അസ്സഫ്ഫ് 9,10)

ഈ ആയത്തുകളുടെതർജമ ഇപ്രകാരമാണ്.

അവർ തങ്ങളുടെ വായുടെ ഊത്തുകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ അണക്കാൻ ശ്രമിക്കുന്നു. എന്നാൽ അല്ലാഹു തീർച്ചയായും തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നതാണ്. അവിശ്വാസികൾ വെറുത്താലുംശരി.

സന്മാർഗവും സത്യമതവുംകൊണ്ട് തന്റെ പ്രവാചകനെ അയച്ചവൻ അവൻ തന്നെയാകുന്നു. സകല മതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയുംമേൽഅല്ലാഹു അതിനെ വിജയിപ്പിക്കുന്നതിനുവേണ്ടി. ബഹുദൈവ വിശ്വാസികൾ വെറുത്താലുംശരി.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇന്ന് ആഗസ്റ്റ് 7, യു.കെ അഹ്മദിയ്യാ ജമാഅത്തിന്റെ കലണ്ടർ അനുസരിച്ച് യു.കെ ജൽസാ സാലാനയുടെ ആദ്യത്തെ ദിവസമാകുന്നു. പക്ഷേ ഇപ്പോൾ ലോകം മുഴുവൻ പരന്നിട്ടുള്ള പകർച്ചവ്യാധി കാരണം ഈ വർഷം ജൽസാ സാലാന സംഘടിപ്പിക്കാൻ കഴിഞ്ഞില്ല. അല്ലാഹു എത്രയുംവേഗം അവസ്ഥകൾ സാധാരണഗതിയിലാക്കുമാറാകട്ടെ. പതിവുപോലെ നമ്മുടെ രീതി അനുസരിച്ച് നമ്മുക്ക് ജൽസ നടത്തുവാൻ കഴിയുമാറാകട്ടെ. ഏതായിരുന്നാലും എം.ടി.എ ഒരു പരിധിവരെ ഈ കുറവ് നികത്താൻ പരിശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞവർഷംവിവിധ രാഷ്ട്രങ്ങളുടെ ജൽസ സാലാന വേളയിൽ ഞാൻ നിർവഹിച്ച എന്റെ പ്രഭാഷണങ്ങൾ കേൾപ്പിക്കാനും കുറച്ച് ലൈവ് പരിപാടികൾ കാണിക്കുന്നതിനും പ്രോഗ്രാം ചെയ്തിട്ടുണ്ട്. ഇൻശാ അല്ലാഹ്. അഹ്മദീ സഹോദരങ്ങളുടെ ദീനിപരവുംവൈജ്ഞാനികവുമായ ദാഹം ശമിപ്പിക്കുന്നതിന് അത് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം ഞാൻ മറ്റൊരു കാര്യമാണ് ചിന്തിച്ചത്, അതായത് നടപ്പുവർഷം ജമാഅത്തിന്റെമേൽ വർഷിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങളുണ്ട്. അതുകൊണ്ട് കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിന് പകരമായി എം.ടി.എയിൽ ഈ വർഷത്തെ പുതിയ റിപ്പോർട്ട് കേൾപ്പിക്കാം. അത് ജമാഅത്ത് അംഗങ്ങളുടെ വിശ്വാസവർദ്ധനവിന് നിമിത്തമാകുന്നതാണ്. അതുകൊണ്ട് ജുമുഅ ഖുത്ബയിൽ ഈ റിപ്പോർട്ടിൽ നിന്ന് കുറച്ച് ഭാഗം സമർപ്പിക്കുന്നതാണ്. പിന്നെ കുറച്ച് ഭാഗം ഞായറാഴ്ച ജൽസ ഹാളിൽ സംഘടിപ്പിക്കുന്ന പ്രോഗ്രാമിൽ നേരിട്ട് കേൾപ്പിക്കുന്നതാണ്.

ഹുസൂർ അൻവർ പറയുന്നു: ഈ റിപ്പോർട്ടിലെ പ്രധാന സംഭവങ്ങൾ കേൾപ്പിക്കുന്നതിന് മുൻപ്, ഞാൻ തുടക്കത്തിൽഓതിയ ആയത്തുകൾക്ക് ഏറെക്കുറെ വിശദീകരണമെന്നോണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ കേൾപ്പിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഏകദേശം 20 വർഷമായി എനിക്ക് വിശുദ്ധ ഖുർആനിലെ ഈ ആയത്ത് ഇൽഹാമായി ലഭിച്ചുകൊണ്ടിരിക്കുന്നു. അത്

ہُوَ الَّذِیۡۤ اَرۡسَلَ رَسُوۡلَہٗ بِالۡہُدٰی وَدِیۡنِ الۡحَقِّ لِیُظۡہِرَہٗ عَلَی الدِّیۡنِ کُلِّہٖ

എന്നതാകുന്നു. അതായത് തന്റെ പ്രവാചകനെ സന്മാർഗവും സത്യദീനും കൊണ്ട് അയച്ചവൻ അവനത്രെ. സകല പ്രത്യയ ശാസ്ത്രങ്ങൾക്കുമേൽ അതിനെ വിജയിപ്പിക്കുന്നതിന് വേണ്ടി. എനിക്ക് ഈ ഇൽഹാമിന്റെ വിവക്ഷ ഇപ്രകാരമാണെന്ന് മനസിലാക്കിത്തന്നിരിക്കുന്നു. അതായത്, ഞാൻ അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടത് എന്റെ കരങ്ങളാൽ അല്ലാഹു ഇസ്‌ലാമിനെ സകല മതങ്ങൾക്കും മേൽവിജയം നൽകുന്നതിനാകുന്നു. ഇവിടെ ഒരു കാര്യം ഓർക്കേണ്ടിയിരിക്കുന്നു, വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ള ഈമഹത്തായ പ്രവചനത്തെ സംബന്ധിച്ച് പണ്ഡിതന്മാരും ഗവേഷകരും ഏകകണ്ഠമായി പറയുന്നു, ഇത് വാഗ്ദത്ത മസീഹിന്റെ കാലത്താണ് പൂർത്തിയാകുക.ഈ ആയത്തിന്റെ സാക്ഷാത്ക്കാരം നീയാകുന്നു എന്നും നിന്റെ കയ്യാൽ, നിന്റെ കാലത്ത് ഇസ്‌ലാം ദീനിന്റെ ശ്രേഷ്ഠത മറ്റ് മതങ്ങൾക്ക് മേൽസ്ഥാപിതമാകുമെന്നുംഎന്നോട് പറയപ്പെട്ടിരിക്കുന്നു.

ഹുസൂർ അൻവർ പറയുന്നു: ഇനി ഞാൻ കുറച്ച് റിപ്പോർട്ടുകൾ സമർപ്പിക്കാം.അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാ

ക്കിസ്ഥാന് പുറമേ ലോകത്ത് മൊത്തം 288 പുതിയ ജമാഅത്തുകൾ സ്ഥാപിതമായിക്കുന്നു. ഈ പുതിയ ജമാഅത്തുകൾ കൂടാതെ 1040 പുതിയ സ്ഥലങ്ങളിൽ ഇതാദ്യമായി അഹ്മദിയ്യത്തിന്റെചെടി നടപ്പെട്ടിരിക്കുന്നു. ഹുസൂർതിരുമസ്സ് (അയ്യദഹുല്ലാഹ്) കോഗോകൻസാഷാ, ഗാംബിയ, ലൈബീരിയ, ഫിലിപ്പൈൻസ്, സെനഗൽ, ഗോട്ടിമാല എന്നീ രാഷ്ട്രങ്ങളുമായി ബന്ധപ്പെട്ട വിശ്വാസ വർധക സംഭവങ്ങൾ വിവരിച്ചു.

അതിനുശേഷം ഹുസൂർ തിരുമനസ്സ് പുതിയ മസ്ജിദുകളുടെ നിർമാണത്തേയും ജമാഅത്തിന് ലഭ്യമായ മസ്ജിദുകളേയും സംബന്ധിച്ച് പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന്റെ മൊത്തം എണ്ണം 217 ആകുന്നു. 124 പുതിയ പള്ളികൾ നിർമിച്ചു. 93 പള്ളികൾ നമുക്ക് ലഭിച്ചതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് എല്ലായിടത്തും, 4 ഭൂഖണ്ഡങ്ങളിൽ നമുക്ക് മസ്ജിദ്നിർമ്മിക്കാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു.

ശേഷംഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ, മസ്ജിദ് നിർമാണവുമായി ബന്ധപ്പെട്ട് നടന്ന വിശ്വാസവർധക സംഭവങ്ങൾ വിവരിച്ചു. അതിൽ നോർവെയിലെ സംഭവം വളരെ കൗതുകമുള്ളതാകുന്നു. അവിടെ മസ്ജിദ് നിർമാണം ആരംഭിച്ചപ്പോൾ ആളുകൾ എതിർക്കാൻ തുടങ്ങി. അടുത്ത് തന്നെ ഉണ്ടായിരുന്ന ഒരു ചർച്ചും എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ ദൈവികവിധി അതിനെ അതിജയിച്ചത് നോക്കുക, നമ്മെ എതിർത്തിരുന്ന ചർച്ചിന്റെ അധികാരികൾക്ക് അവരുടെ ചർച്ച്  നടത്തികൊണ്ടുപോകാൻ പ്രയാസമായി. അവർ ചർച്ച് വിൽക്കാൻ തീരുമാനിച്ചു. ജമാഅത്ത് ചർച്ചിന്റെ കെട്ടിടം മസ്ജിദ് ആയി വിലകൊടുത്ത് വാങ്ങി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം 97 മിഷൻ ഹൗസുകളുടെ വർദ്ധനവ് ഉണ്ടായിരിക്കുന്നു.അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു സവിശേഷത വഖാറെ അമൽആകുന്നു. 148 രാഷ്ട്രങ്ങളിൽ നിന്ന് വന്ന റിപ്പോർട്ടുകൾ അനുസരിച്ച് 114 രാജ്യങ്ങളിലായി 41111 വഖാറെ അമലുകൾ നടത്തി. അവ മുഖേന 52,13,000 യുഎസ് ഡോളർ നമുക്ക് ലഭിക്കാൻ കഴിഞ്ഞു. അതുമുഖേന ലാഭിച്ച തുകകൊണ്ട് പത്ത് പുതിയ മസ്ജിദുകൾ ഉണ്ടാക്കാൻ അല്ലാഹുസൗഭാഗ്യം നൽകിയിരിക്കുന്നു. അങ്ങനെ അല്ലാഹു നമ്മുടെ പൈസയിൽ അനുഗ്രഹംവർഷിച്ചിരിക്കുന്നു.

റഖീം പ്രസ് മുഖേനയും പ്രവർത്തനങ്ങൾ നടന്ന് വരുന്നു. അതു മുഖേന 3,60,240 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. യസർനൽ ഖുർആന്റെ മാതൃകയിൽ വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇത് ഖാദിയാൻ ജമാഅത്തിന്റെ ചുമതലയിലാണ് നൽകിയത്. നിസാറത്ത് ഇശാഅത്ത് ഖാദിയാൻ ഇതിൽ വലിയ സേവനമാണ് ചെയ്തത്. അൽഹംദുലില്ലാഹ് വളരെ മനോഹരമായ ഹൃദയഹാരിയായ വിശുദ്ധ ഖുർആൻ അച്ചടിച്ചിരിക്കുന്നു. ഭംഗിയുള്ള ബോർഡർ ആണ്. ബൈന്റിംഗും മനോഹരമാണ്. ഈ വിശുദ്ധ ഖുർആന്റെ ഫൗണ്ട് യസ്സർനൽ ഖുർആൻ ഫോണ്ടാകുന്നു. ആ ഫോണ്ടിന് മൻസൂർ ഫോണ്ട് (Mansoor)എന്നാണ് പേരു വെച്ചിരിക്കുന്നത്. ഇത് ജമാഅത്തിന്റെ പ്രത്യേക ഫോണ്ടാകുന്നു. ഇത് മറ്റ് എവിടേയും ഇല്ല. ഇത് പാരായണംചെയ്യാനും വളരെ സുഗമമാണ്. പാക്കിസ്ഥാനിൽ വിശുദ്ധ ഖുർആൻ പ്രചരിപ്പിക്കാനും പാരായണം ചെയ്യാനും സൂക്ഷിക്കാനും നമ്മുടെ മാർഗത്തിൽ തടസങ്ങൾ ഉണ്ടാക്കുകയായിരുന്നു. എന്നാൽ അല്ലാഹു അത്രയധികം ഏറ്റവും നല്ല മാർഗങ്ങൾ നമുക്ക് വേണ്ടി തുറന്ന് തന്നു കൊണ്ടിരിക്കുന്നു.

ഈ സമയത്ത് ലോകം മുഴുവനും 29 ഭാഷകളിലായി 94 വൈജ്ഞാനിക, ശിക്ഷണ സംബന്ധമായ ലേഖനങ്ങൾ പത്രമാസികകളിൽ പ്രസിദ്ധീകരിച്ചു വരുന്നു. വക്കാലത്ത് ഇശാഅത്തിൽ പ്രസിദ്ധീകരണങ്ങൾ അയച്ചു കൊടുക്കുന്നതിന് പ്രത്യേക വകുപ്പുണ്ട്. ഇവിടെ 24 ഭാഷകളിൽ 190000 ൽ അധികം ഗ്രന്ഥങ്ങൾലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഇവിടെ നിന്ന് അയക്കുകയുണ്ടായി. ഇത് കൂടാതെവിവിധ രാജ്യങ്ങളിൽ 709 വിവിധ ഹെഡ്ഡിംഗുകളാൽ പുസ്തകങ്ങളും ഫോൾഡറുകളും പാംഫലറ്റ്സും 63,87,000 പ്രതികൾ സൗജന്യമായി വിതരണംചെയ്തു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ വർഷം 111 രാഷ്ട്രങ്ങളിൽമൊത്തത്തിൽ 93 ലക്ഷത്തി 57 ആയിരത്തിൽ അധികം ലീഫ്ലെറ്റ്സ് വിതരണംചെയ്തു. ഇതുമുഖേന 2 കോടി 27 ലക്ഷം ജനങ്ങൾക്ക് സന്ദേശമെത്തിച്ചു. വിശുദ്ധ ഖുർആന്റേയും ജമാഅത്തീ ഗ്രന്ഥങ്ങളുടേയും എക്സിബിഷൻ സംഘടിപ്പിച്ചു. ലഭിച്ച റിപ്പോർട്ടുകളനുസരിച്ച് 7540 എക്സിബിഷനുകൾ മുഖേന 3,43,000 ത്തിലധികം ആളുകൾക്ക് സന്ദേശം എത്തിക്കാൻ കഴിഞ്ഞു.

2019 ഡിസംബറിൽ ഇന്ത്യയിലെ നൂറുൽ ഇസ്ലാം വകുപ്പ് ഒരു ബുക്ഫെയറിൽ പങ്കെടുത്തു. അവിടെ ഒരു വലിയ ഹിന്ദുസ്കോളർ വരികയുണ്ടായി. ഏതാനും നിമിഷങ്ങൾ കൊണ്ട് വശുദ്ധ ഖുർആൻ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കാൻ തുടങ്ങി. ഏകദേശം 2 മണിക്കൂറോളം അദ്ദേഹത്തിന്റെ എല്ലാ ചോദ്യങ്ങൾക്കും ആക്ഷേപങ്ങൾക്കും സംതൃപ്തമായ മറുപടികൾ നൽകി. അപ്പോൾ, ഇത്തരം തൃപ്തികരമായ മറുപടികൾ താൻ ഇതുവരെ കേട്ടിട്ടില്ല എന്ന് പറയുകയുണ്ടായി. ഞാൻ ഇസ്ലാമിനെ സംബന്ധിച്ച് മനസ്സിലാക്കാൻ നിരവധി പണ്ഡിതന്മാരുടെ അടുക്കൽ പോയിട്ടുണ്ട്. എന്നാൽ ഉലമാക്കൾ നൽകിയ മറുപടി കാരണം എന്റെ ഉള്ളിൽ ഇസ്ലാമിനോടും ഖുർആനോടും സഹാനുഭൂതി ഉണ്ടാകുന്നതിനു പകരം വെറുപ്പും വിഷവും വർദ്ധിക്കുകയാണുണ്ടായത്. സുഹൃത്തുകളോടൊപ്പം ചേർന്ന് ഞങ്ങൾ ഇസ്ലാമിനെതിരിൽ ഒരു ടി.വി ചാനൽ തുടങ്ങാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇന്ന് നിങ്ങൾ എന്റെ ലോകം തന്നെ മാറ്റി മറിച്ചിരിക്കുന്നു. അദ്ദേഹം വളരെയധികം ആകൃഷ്ടനായി. പോകുന്ന സമയത്ത്, ഇനി ഞാൻ ഇസ്ലാമിനേയും വിശുദ്ധ ഖുർആനേയും

എതിർത്ത് ഒന്നും പറയുക ഇല്ല എന്ന് പ്രതിജ്ഞചെയ്യുകയുമുണ്ടായി.

ആഗ്ര ബുക് ഫെയർ നടന്നപ്പോൾ ലോക്കൽ പത്രപ്രതിനിധി നമ്മുടെ സ്റ്റാളിൽ വന്നിരുന്നു. അദ്ദേഹം അനിയന്ത്രിതമായി ഉമ്മത്തിന്റെ മോശം അവസ്ഥകൾ പറഞ്ഞപ്പോൾ, അദ്ദേഹത്തിന് അഹ്മദിയ്യാ ജമാഅത്ത് മുഖേന ചെയ്യുന്ന ഇസ്‌ലാമിക സേവനങ്ങളെ സംബന്ധിച്ച് പറഞ്ഞു കൊടുത്തു. അതിൽ അദ്ദേഹം ഏറെ ആകൃഷ്ടനായി. ഇക്കാര്യത്തിൽ നമുക്ക് എല്ലാ സഹായവും വാഗ്ദാനം ചെയ്തു. അദ്ദേഹം തന്റെ ബന്ധംവെച്ച് നമ്മുടെ സന്ദേശം മറ്റ് മൂന്ന് ന്യൂസ് ചാനലുകളിൽ സംപ്രേക്ഷണം ചെയ്യിപ്പിച്ചു. അതുമുഖേന ലക്ഷക്കണക്കിന് ആളുകൾക്ക് അഹ്മദിയ്യാ സന്ദേശം എത്തിക്കാൻ സാധിച്ചു.

ചണ്ഡീഗഢിൽ നടത്തിയ പീസ് സിംപോസിയത്തിൽ ഒരു അഫ്ഗാൻകാരനായ ഉബയ്ദുല്ലാഹ്ക്ക് ജമാഅത്തിനെ പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ മുഖം ചുവക്കുകയും വിറകൊള്ളാനും തുടങ്ങി. മസീഹ് മൗഊദ് വന്നു എന്നത് സത്യമാണോ എന്ന് കൂടെകൂടെ ചോദിച്ചു കൊണ്ടിരുന്നു. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ തിരുനബി(സ)ന്റെ സ്ഥാനമാഹാത്മ്യം പറഞ്ഞു കൊടുത്തപ്പോൾ അദ്ദേഹം വികാരഭരിതനായി അഹ്മദിയുടെ നെറ്റിയിൽ ചുംബിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ ലോകത്ത് സമർപ്പിക്കുന്നതുതന്നെയാണ് ശരിയായ ഇസ്‌ലാം.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇൻശാ അല്ലാഹ്. ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ചെറിയൊരു ഗ്യാതറിംഗിൽ ശ്രോതാക്കൾക്ക് മുന്നിൽ ജൽസയുടെ രീതിയിൽ ബാക്കിഭാഗം ഞാൻ കേൾപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ഇവിടെ നിന്ന് എം.ടി.എ മുഖേന ലോകം മുഴുവൻ കേൾക്കുന്നതാണ്. അങ്ങനെ ഈ വർഷം ജമാഅത്തിനു മേൽവർഷിച്ച അനുഗ്രഹങ്ങളെ കുറിച്ച് പരാമർശിക്കപ്പെടുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهِ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 07.08.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516